10. പുനലൂർ ഗവൺമെൻറാശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. വി. സുരേന്ദ്രൻപിള്ള: സർ, പുനലൂർ ഗവൺമെൻറാശുപത്രിയുടെ ശോചനീയാവസ്ഥയെക്കുറിച്ച് ഞാൻ ഈ സഭയിൽ മുമ്പ് പലതവണ ആവശ്യപ്പെട്ടിട്ടുള്ളതാണ്. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിൽ പ്രവർത്തിക്കുന്ന ആ ആശുപത്രിയിൽ ആവശ്യത്തിന് മരുന്നില്ല. നിത്യേന ആയിരക്കണക്കിന് രോഗികൾ അവിടെ മരുന്നുവാങ്ങിക്കുന്നതിനും ചികിൽസയ്ക്കും വേണ്ടി വരുന്നുണ്ട്. ആ വലിയ ആശുപത്രിയിൽ ആവശ്യത്തിനുള്ള കിടക്കകളില്ല, ഡോക്ടർമാരില്ല, ആവശ്യത്തിനുള്ള മരുന്നില്ല. ഈ കാര്യങ്ങൾ പലതവണ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടതിനുശേഷം നാട്ടുകാരുടെ സഹായത്തോടുകൂടി ഒരു എക്സ്റേ പ്ലാൻറ് അവിടെ സ്ഥാപിച്ചു. ആ എക്സ്റേ പ്ലാൻറ് ഉൽഘാടനം ചെയ്തുകഴിഞ്ഞതിനുശേഷം ഫിലിം വാഷ് ചെയ്യുന്നതിനുള്ള മെഷീൻ ഇല്ലാത്തതുകാരണം ലക്ഷക്കണക്കിനുരൂപയുടെ മെഷിനറികൾ ഇന്ന് പ്രവർത്തനരഹിതമായിക്കിടക്കുകയാണ്. ആ മെഷിനറികൾ തുരുമ്പെടുത്തു കൊണ്ടിരിക്കുകയാണ്. ആ ആശുപത്രിയോടുചേർന്ന് തൊട്ടടുത്ത് ഒരു ടി.ബി. സാനിട്ടോറിയം ഉണ്ട്. ആ ടി.ബി. സാനിട്ടോറിയത്തിൻറെ നാലുവശവും കാടുപിടിച്ചുകിടക്കുകയാണ്. അടിയന്തിരമായും ഇത്തരം കാര്യങ്ങളിൽ പരിഹാരമുണ്ടാക്കണമെന്നഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഇതിനെ സംബന്ധിച്ചുള്ള പരാതികളൊന്നും ഇതുവരെ ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലേബർ റൂം പുനരുദ്ധരിക്കുന്നതിന് ഭരണാനുമതി നൽകിക്കഴിഞ്ഞു. എത്രയും വേഗം പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. മരുന്നുകൾ ജില്ലാ മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭിക്കുന്നുണ്ട്. അത്യാവശ്യമായ മറ്റ് മരുന്നുകളുടെ കാര്യത്തിൽ ലോക്കൽ പർച്ചേസ് നടത്താൻ അനുമതി നൽകിയിട്ടുണ്ട്. ഡോക്ടർമാരുടേയും ജീവനക്കാരുടേയും ഒഴിവുകളൊന്നും ഇപ്പോൾ അവിടെയുള്ളതായി അറിവില്ല. ആശുപത്രി പ്രവർത്തനം പൊതുവേ സുഗമമായിട്ടാണ് നടക്കുന്നതെന്നാണ് അറിയുന്നത്. ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ ഗവൺമെൻറിനു നേരിട്ട് സമീപിക്കാവുന്നതാണ്.

11. റബ്ബർ ഇറക്കുമതിമൂലം റബ്ബറിനുണ്ടായിട്ടുള്ള വിലയിടിവ്

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: കേന്ദ്രത്തിൽ നിന്നും പലതവണ ഉറപ്പുകിട്ടിയെന്നും ഈ സഭയിൽത്തന്നെ പലതവണ വ്യക്തമാക്കിയിട്ടും റബ്ബർ ഇറക്കുമതി ചെയ്യുന്നതുമൂലം റബ്ബറിൻറെ വില കുത്തനെ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. കൊക്കോയുടെയും മറ്റു സ്ഥിതി റബ്ബറിനുമുണ്ടാകാൻ പോകുന്നു. വ്യാവസായികാവശ്യത്തിനുവേണ്ടിയാണ് ഇറക്കുമതി ചെയ്യുന്നതെന്നു പറയുന്നുണ്ടെങ്കിലും 35,000 ടണ്ണിനുള്ള അനുമതി മേടിച്ചതിനുശേഷം ഇതിനോടകംതന്നെ 47,000 ടൺ ഇറക്കുമതി ചെയ്തു കഴിഞ്ഞു. 60,000 ടൺ ഇറക്കുമതി ചെയ്താൽ 20,000 ടണ്ണിൻറെ ഒരു ബഫർ സ്റ്റോക്കുണ്ടാക്കാൻവേണ്ടിയാണ് ഈ ടയർ കുത്തകകൾ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നത്. എസ്.ടി.സി. യും റബ്ബർ ബോർഡുമെല്ലാം ഇതിന് അനുകൂലിക്കുന്ന ഒരു സമീപനമാണ്

LIBRARY ARCHIVES Kerala Legislative Assembly